**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **28-02-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജൽജീവൻ മിഷൻ പ്രകാരം പാറശാല മണ്ഡലത്തിൽ 2020 മുതൽ 2023 വരെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (എ) | ജൽജീവൻ മിഷൻ പ്രകാരം പാറശാല മണ്ഡലത്തിൽ 2020 മുത**ൽ** 2023 വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകിയ തുക എത്രയെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ ജല ജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഇതു വരെ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന-ജില്ലാ - ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവ്വഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.മാരുടെയും ജനപ്രതിനിധി കളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭ്യമാകേണ്ടുന്ന അനുമതികൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേന നടത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി, പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

**ജൽജീവൻ മിഷൻ പ്രകാരം പാറശാല മണ്ഡലത്തിൽ 2020 മുതൽ 2023 വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക**

| പഞ്ചായത്ത് | നൽകിയ കണക്ഷനുകൾ (22-02-2023 വരെ) |
|---|---|
| അമ്പൂരി | 2704 |
| ആര്യങ്കോട് | 0 |
| കള്ളിക്കാട് | 3238 |
| കൊല്ലയിൽ | 1472 |
| കുന്നത്തുകാൽ | 3331 |
| ഒറ്റശേഖരമംഗലം | 218 |
| പാറശ്ശാല | 1914 |
| പെരുങ്കടവിള | 1743 |
| വെള്ളറട | 1642 |

**അനുബന്ധം 2**

## ജൽജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ തുകയുടെ പട്ടിക

**(തുക കോടിയിൽ)**

| വർഷം | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | ആകെ |
|---|---|---|---|
| 2020-21 | 303.18 | 303.18 | 606.36 |
| 2021-22 | 1353.44 | 1353.44 | 2706.88 |
| 2022-23 (**22-02- 2023 വരെ)** | 1654.92 | 1077.53 | 2732.43 |